# കേരളസർവകലാശാല

നം.പി.ആർ.185/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം-2020
### ഓൺലൈൻ അപേക്ഷ അവസാന തീയതി ഒക്ടോബർ 15

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 15 ന് വൈകിട്ട് 5 മണിക്ക് അവസാനിക്കുന്നതാണ്. പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിവിധ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും 15.10.2020 ന് വൈകിട്ട് 5 മണിക്ക് മുമ്പ് തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് തുടർ ആവശ്യത്തിനായി സൂക്ഷിക്കണം.

സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള വിദ്യാർത്ഥികൾ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത ശേഷം പ്രൊഫൈലിൽ ലഭ്യമാകുന്ന പ്രൊഫോമ തങ്ങൾ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ 15.10.2020 ന് വൈകിട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ-മെയിൽ ഐ.ഡി. അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഒക്ടോബർ 15 വൈകിട്ട് 5 മണി വരെ അപേക്ഷിക്കാം. കേന്ദ്രീകൃത അലോട്ട്മെന്റിനായി ഓൺലൈൻ അപേക്ഷ പൂർത്തിയാക്കിയവർക്ക് വീണ്ടും ലോഗിൻ ചെയ്ത ശേഷം പ്രൊഫൈലിലെ കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് ഉപയോഗിച്ച് താൽപര്യമുള്ള വിഷയങ്ങൾ/കോളേജുകൾ പ്രത്യേക ഓപ്ഷനായി നൽകാവുന്നതാണ്. വിദ്യാർത്ഥിയുടെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കി അവർക്ക് അപേക്ഷിക്കാൻ സാധിക്കുന്ന കോളേജുകൾ മാത്രമേ ഇവിടെ ഓപ്ഷനായി കാണിക്കുകയുള്ളൂ. ഓപ്ഷനുകൾ നൽകിയതിനു ശേഷം സേവ് ചെയ്ത് അതിന്റെ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കുക.

ഓൺലൈൻ അപേക്ഷ പ്രിന്റൗട്ടിന്റെ പകർപ്പുകൾ ഒന്നുംതന്നെ കോളേജിലേക്കോ സർവകലാശാലയിലേക്കോ അയയ്ക്കേണ്ടതില്ല. ആയത് അഡ്മിഷൻ സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച വിശദവിവരങ്ങൾക്ക് 8281883052, 82281883053 എന്നീ ഫോൺനമ്പറുകളിലോ onlineadmissions@keralauniversity.ac.in എന്ന ഇ-മെയിൽ ഐ.ഡി. യിലോ സർവകലാശാലയുമായി ബന്ധപ്പെടുക.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## എൻ.ആർ.ഐ.സീറ്റുകളിലേക്ക് അപേക്ഷിക്കാം

കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലെ ഒഴിവുള്ള എൻ.ആർ.ഐ.സീറ്റുകളിലേക്ക് സെപ്റ്റംബർ 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ www.ucek.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 9846332974

## സി.എസ്.എസ്. പി.ജി.പ്രവേശനപരീക്ഷ

സർവകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിലേക്കുള്ള സി.എസ്.എസ്. പി.ജി.പ്രവേശനപരീക്ഷ 9 ജില്ലകളിലായി നടത്തുന്നതാണ്. രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകർ സെപ്റ്റംബർ 27 നു മുമ്പായി അവരുടെ പരീക്ഷാകേന്ദ്രം ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. വിശദവിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## രണ്ടാം സെമസ്റ്റർ യൂണിറ്ററി (ത്രിവൽസരം) എൽ.എൽ.ബി പരീക്ഷൾ സെപ്റ്റംബർ 28 മുതൽ ആരംഭിക്കും

രണ്ടാം സെമസ്റ്റർ യൂണിറ്ററി (ത്രിവൽസരം) എൽ.എൽ.ബി പരീക്ഷകൾ സെപ്റ്റംബർ 28 ന് ആരംഭിക്കും. സർവകലാശാലയുടെ കീഴിലുള്ള ആറ് ലോ കോളേജുകളിലും കൂടാതെ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തല, ഗവ.കോളേജ്, നാട്ടകം, കോട്ടയം, ഗവ.കോളേജ് മീഞ്ചന്ത, കോഴിക്കോട്, ഗവ.ട്രെയിനിംഗ് കോളേജ്, തലശ്ശേരി എന്നീ നാലു പരീക്ഷാകേന്ദ്രങ്ങളിലും പരീക്ഷ നടത്തുന്നതാണ്.

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) ഫെബ്രുവരി 2020, സപ്ലിമെന്ററി പരീക്ഷയുടെ കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ പ്രോഗ്രാമിംഗ് ലാബ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തു വച്ച് സെപ്റ്റംബർ 29 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ബി.ടെക്. ആറാം സെമസ്റ്റർ ഡിസംബർ 2019, (2013 സ്കീം) കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ലാബ് പരീക്ഷകൾ സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ തെരഞ്ഞെടുത്ത പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വാക്-ഇൻ-ഇന്റർവ്യൂ -പുതുക്കിയ തീയതി

സർവകലാശാലയുടെ പഠനവകുപ്പായ ഡിപ്പാർട്ട്മെന്റ് ഓഫ് ഫ്യൂച്ചേഴ്സ് സ്റ്റഡീസിൽ അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ജൂലൈ 15 ന് നിശ്ചയിച്ചിരുന്ന വാക്-ഇൻ-ഇന്റർവ്യൂ ട്രിപ്പിൾ ലോക്ഡൗൺ കാരണം മാറ്റിവെച്ചു. പ്രസ്തുത ഇന്റർവ്യൂ സെപ്റ്റംബർ 30 ന് രാവിലെ 8.30 ന് സർവകലാശാലയുടെ പാളയം കാമ്പസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റിലെ ജോബ് നോട്ടിഫിക്കേഷൻസ് ലിങ്ക് സന്ദർശിക്കുക.

## ഐ.എം.കെ.എം.ബി.എ (ടൂറിസം) - സീറ്റ് ഒഴിവ്

കാര്യവട്ടം ക്യാമ്പസിലെ ഐ.എം.കെ.യിൽ എം.ബി.എ.(ടൂറിസം) കോഴ്സ് 2020-22 ബാച്ചിൽ കുറച്ച് സീറ്റുകൾ ഒഴിവുണ്ട്. KMAT/CAT/CMAT ൽ പോസിറ്റീവ് സ്കോർ ഉള്ളവർ അല്ലെങ്കിൽ 50 മാർക്ക് നേടി ബിരുദം പൂർത്തിയാക്കിയവരും മുകളിൽ പറഞ്ഞ പരീക്ഷകളൊന്നും എഴുതാത്തവരും അപേക്ഷിക്കാൻ അർഹരാണ്. വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ 28 ന് രാവിലെ 11 ന് വകുപ്പുമേധാവിക്ക് മുമ്പായി റിപ്പോർട്ട് ചെയ്യാം. പ്രവേശനനത്തിന് മെറിറ്റും റിസർവേഷനും ബാധകമായിരിക്കും.

## ടൈംടേബിൾ

ഒക്ടോബർ 19 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (ത്രിവത്സരം) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ആറാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി റെഗുലർ (2013 സ്കീം) ഒക്ടോബർ 2020, കമ്പൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക്. (2018 സ്കീം) ഒക്ടോബർ 2020, എന്നീ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ഒക്ടോബറിൽ നടത്തുന്ന മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്റർ ബി.ബി.എ. (വിദൂരവിദ്യാഭ്യാസം 2013 & 2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ ലഭ്യമാണ്.

2020 ഒക്ടോബറിൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ (സപ്ലിമെന്ററി), എട്ടാം സെമസ്റ്റർ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി), ബി.ആർക്ക്. (2013 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

2020 നവംബറിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്സ്. (2018 സ്കീം - റെഗുലർ ആന്റ് സപ്ലിമെന്ററി), (2015 സ്കീം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ 5 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 8 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 12 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എം.എ.പബ്ലിക് അഡ്മിനിസ്ട്രേഷൻ (2018 അഡ്മിഷൻ) വിദൂരവിദ്യാഭ്യാസ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

എട്ടാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി (സപ്ലിമെന്ററി/മേഴ്സിചാൻസ്-2008 സ്കീം) നവംബർ 2019 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 6 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

എട്ടാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി സപ്ലിമെന്ററി (2013 സ്കീം) നവംബർ 2019, പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 6 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ആഗസ്റ്റിൽ നടത്തിയ ബി.കോം. എസ്.ഡി.ഇ. (2017 അഡ്മിഷൻ) നാലാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 5 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
25.09.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098